**ഭരണഭാഷ - മാതൃഭാഷ**

NO TO DRUGS

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - jdacad@gmail.com
ഫോൺ : 0471-2580738

**നമ്പർ : HSE/28736/2025-ACD SPL4** **തീയതി : 20-11-2025**

## സർക്കുലർ

വിഷയം : പൊ.വി.വ - ഹ.സെ.വി. - "ശൈശവ വിവാഹ രഹിത കേരളം" -ശിശുദിന സത്യപ്രതിജ്ഞ - സംബന്ധിച്ച്.

സൂചന : തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സീനിയർ സിവിൽ ജഡ്ജ് & സെക്രട്ടറിയുടെ 07.11.2025 തീയതിയിലെ 1206/2025/TDLSA നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാത്തരം ബാല ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനുമായി, തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും അസോസിയേഷൻ ഫോർ വോളണ്ടറി ആക്ഷൻ (AVA) യും ചേർന്ന് 2025 നവംബർ 14-ന് ശിശുദിനത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ടി പരിപാടിയുടെ ഭാഗമായി, **2025 നവംബർ 27, ചൊവ്വാഴ്ച** സ്കൂൾ അസംബ്ലികളിൽ എല്ലാ സ്കൂളുകളിലും ശൈശവ വിവാഹ രഹിത കേരളത്തിന്റെ ഭാഗമായി സത്യപ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിക്കുകയും (സത്യപ്രതിജ്ഞാ ഉള്ളടക്കം ചെയ്യുന്നു) സത്യപ്രതിജ്ഞാ ചടങ്ങിന്റെ

ഫോട്ടോഗ്രാഫുകളും ഹ്രസ്വ വീഡിയോ ക്ലിപ്പുകളും ഡോക്യുമെന്റേഷൻ ആവശ്യങ്ങൾക്കായി **disathiruvananthapuram@yahoo.com** എന്ന ഇ-മെയിൽ വിലാസത്തിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി ഓഫീസിലേക്ക് അയച്ചു നൽകാനും താൽപ്പര്യപ്പെടുന്നു.

Signed by
Shajitha S
Date: 20-11-2025 14:04:43

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**പകർപ്പ് :**

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും

# ശൈശവവിവാഹത്തിനെതിരയുള്ള പ്രതിജ്ഞ

**ശൈശവവിവാഹം ഒരു സാമൂഹിക തിന്മയും, നിയമവിരുദ്ധമായ പ്രവൃത്തിയുമാണ്. ഇത് പെൺകുട്ടികളുടെ വിദ്യാഭ്യാസം, സംരക്ഷണം, ആരോഗ്യം, വികസനം എന്നിവയെ തടസ്സപ്പെടുത്തുകയും, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ നിന്ന് അവരെ അകറ്റുകയും ചെയ്യുന്നു.**

**അതിനാൽ, ഞാൻ പ്രതിജ്ഞ ചെയ്യുന്നു...**

- **ശൈശവവിവാഹത്തിനെതിര നിലകൊള്ളാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും നടത്തും.**
- **എന്റെ കുടുംബത്തിലോ, അയൽപ്പക്കത്തിലോ, സമൂഹത്തിലോ ശൈശവവിവാഹം നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തും.**
- **ശൈശവവിവാഹം നടത്താനുള്ള ഏതെങ്കിലും ശ്രമങ്ങളുണ്ടായാൽ പഞ്ചായത്തിനെയും മറ്റ് ബന്ധപ്പെട്ട സർക്കാർ അധികാരികളെയും അറിയിക്കും.**
- **കുട്ടികളുടെ വിദ്യാഭ്യാസത്തിനും സുരക്ഷയ്ക്കുമായി എന്റെ ശബ്ദം ഉയർത്തുകയും, ശൈശവവിവാഹമില്ലാത്ത ഭാരതത്തെ രൂപീകരിക്കാൻ പിന്തുണ നൽകുകയും ചെയ്യും.**

**#ChildMarriageFreeIndia**

# Pledge Against Child Marriage

**Child marriage is a social evil and is an illegal act that hampers girls' education, protection, health and development, and prevents them from realizing their dreams.**

**Therefore, I pledge to...**

- Make every possible effort to stand against child marriage.
- Ensure that no child marriage takes place in my/our family, neighborhood, or community.
- Report any attempt of child marriage to the Panchayat and the government authorities.
- Raise my voice for the education and safety of children and I support the creation of a Child Marriage Free India.

#ChildMarriageFreeIndia